## 15 -ാം കേരള നിയമസഭ

## 6 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 530** **24-08-2022 - ൽ മറുപടിയ്ക്ക്**

## ധനകാര്യ വകുപ്പ് മന്ത്രിയുടെ പോസ്റ്റ് ഫാക്ടോ സാങ്ഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് കാലത്ത് സാൻ ഫാർമാ എന്ന സ്ഥാപനത്തിൽ നിന്നും ഉയർന്ന നിരക്കിൽ പി.പി.ഇ. കിറ്റ് (നം. /31/2020/health) വാങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന് അന്നത്തെ ധനകാര്യ വകുപ്പ് മന്ത്രിയുടെ പോസ്റ്റ് ഫാക്ടോ സാങ്ഷൻ ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കോവിഡ് കാലത്ത് നടത്തിയ പർച്ചേസുകൾക്ക് G.O(Rt)No.09/2020/SPD dated 04.04.2020, G.O(Rt)No.12/2020/SPD dated 12.06.2020 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം സ്റ്റോഴ്സ് പർച്ചേസ് നിയമങ്ങളിൽ ഇളവ് നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവിൽ പറഞ്ഞിരിക്കുന്ന കാലയളവിൽ ടി ഇളവുകളോട് കൂടിയാണ് കോർപ്പറേഷൻ കോവിഡ് കാലത്ത് മരുന്നുകളും മറ്റു സാമഗ്രികളും വാങ്ങി വിതരണം ചെയ്തിട്ടുള്ളത്. സർക്കാരിൽ നിന്നും നൽകുന്ന അനുമതികളിൽ, ആവശ്യത്തിനുള്ള സാധന സാമഗ്രികൾ വാങ്ങി നൽകണമെന്ന് മാത്രമേ നിർദ്ദേശിക്കാറുള്ളൂ. സർക്കാരിന്റെ നിർദ്ദേശങ്ങൾ ഒരു കാരണവശാലും ഒരു വിതരണക്കാരനെ ആധാരമാക്കി നൽകിയിട്ടില്ല.<br><br>കോവിഡ്-19-ന്റെ ആദ്യ കാലങ്ങളിൽ കോവിഡ് സംരക്ഷണത്തിന് വേണ്ടിയുള്ള ഉപകരണങ്ങൾക്ക് ആവശ്യം വളരെ കൂടുതലും വിതരണക്കാർ വളരെ കുറവും ആയതിനാൽ വിതരണക്കാരൻ തീരുമാനിക്കുന്ന വിലയിൽ മാത്രമേ സാധനങ്ങൾ വാങ്ങാൻ മാർഗമുണ്ടായിരുന്നുള്ളൂ. 04.04.2020-ലെ സ.ഉ(സാധാ)നം.09/2020/SPD നമ്പർ ഉത്തരവ് പ്രകാരം സ്റ്റോഴ്സ് പർച്ചേസ് നിയമങ്ങളിൽ ഇളവ് നൽകി വകുപ്പ് സെക്രട്ടറിമാർ, ജില്ലാ കളക്ടർമാർ, വകുപ്പ് തലവന്മാർ എന്നിവർക്ക് കോവിഡുമായി ബന്ധപ്പെട്ട അവശ്യ സാധനങ്ങൾ സംഭരിക്കുന്നതിന് അനുമതി നൽകി ഉത്തരവായിരുന്നു. |
| (ബി) | സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കാനായി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സമർപ്പിച്ച നോട്ട് ഫയലിൽ പി.പി.ഇ. കിറ്റിന്റെ വിലയിൽ വലിയ വ്യത്യാസം ഉണ്ടായിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ധനകാര്യ | (ബി) | മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കോവിഡ് കാലത്ത് നടത്തിയ പർച്ചേസുകൾക്ക് G.O(Rt)No.09/2020/SPD dated 04.04.2020, G.O(Rt)No.12/2020/SPD dated 12.06.2020 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം സ്റ്റോഴ്സ് |

| | | | |
|---|---|---|---|
| | വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; ഇല്ലയെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ? | | പർച്ചേസ് നിയമങ്ങളിൽ ഇളവ് നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവിൽ പറഞ്ഞിരിക്കുന്ന കാലയളവിൽ ടി ഇളവുകളോട് കൂടിയാണ് കോർപ്പറേഷൻ കോവിഡ് കാലത്ത് മരുന്നുകളും മറ്റു സാമഗ്രികളും വാങ്ങി വിതരണം ചെയ്തിട്ടുള്ളത്. സർക്കാരിൽ നിന്നും നൽകുന്ന അനുമതികളിൽ, ആവശ്യത്തിനുള്ള സാധന സാമഗ്രികൾ വാങ്ങി നൽകണമെന്ന് മാത്രമേ നിർദ്ദേശിക്കാറുള്ളൂ. സർക്കാരിന്റെ നിർദ്ദേശങ്ങൾ ഒരു കാരണവശാലും ഒരു വിതരണക്കാരനെ ആധാരമാക്കി നൽകിയിട്ടില്ല.<br><br>കോവിഡ്-19-ന്റെ ആദ്യ കാലങ്ങളിൽ കോവിഡ് സംരക്ഷണത്തിന് വേണ്ടിയുള്ള ഉപകരണങ്ങൾക്ക് ആവശ്യം വളരെ കൂടുതലും വിതരണക്കാർ വളരെ കുറവും ആയതിനാൽ വിതരണക്കാരൻ തീരുമാനിക്കുന്ന വിലയിൽ മാത്രമേ സാധനങ്ങൾ വാങ്ങാൻ മാർഗമുണ്ടായിരുന്നുള്ളൂ. 04.04.2020-ലെ സ.ഉ(സാധാ)നം.09/2020/SPD നമ്പർ ഉത്തരവ് പ്രകാരം സ്റ്റോഴ്സ് പർച്ചേസ് നിയമങ്ങളിൽ ഇളവ് നൽകി വകുപ്പ് സെക്രട്ടറിമാർ, ജില്ലാ കളക്ടർമാർ, വകുപ്പ് തലവന്മാർ എന്നിവർക്ക് കോവിഡുമായി ബന്ധപ്പെട്ട അവശ്യ സാധനങ്ങൾ സംഭരിക്കുന്നതിന് അനുമതി നൽകി ഉത്തരവായിരുന്നു. |

സെക്ഷൻ ഓഫീസർ